"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോളേജ് വിദ്യാഭ്യാസം - തിരുവനന്തപുരം ടീച്ചർ എഡ്യൂക്കേഷൻ കോളേജിലെ എഡ്യുക്കേഷൻ സൈക്കോളജി തസ്തിക എഡ്യുക്കേഷൻ ടെക്നോളജിയായി പരിവർത്തനം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്**

സ.ഉ.(കൈ) നം.148/2026/HEDN തീയതി,തിരുവനന്തപുരം, 28-02-2026

---

പരാമർശം:- കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 27-07-2024, 15-07-2025 തീയതികളിലെ B2/24562/2021/DCE നമ്പർ കത്തുകൾ.

**ഉത്തരവ്**

കേരളത്തിലെ ഗവണ്മെന്റ് ട്രെയിനിങ് കോളേജുകളിലെ അദ്ധ്യാപക തസ്തികകൾ ക്രമീകരിക്കുന്നതിന് പരാമർശ പ്രകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ സമർപ്പിച്ചിരുന്നു. ബി.എഡ്/ എം.എഡ് കോഴ്സുകളുടെ സുഗമമായ നടത്തിപ്പിനും പ്രസ്തുത കോഴ്സുകളുടെ അംഗീകാരം നിലനിർത്തുന്നതിനും, നിലവിൽ 16 മണിക്കൂർ വർക്ക് ലോഡ് ഉള്ളതിനാലും തിരുവനന്തപുരം ടീച്ചർ എഡ്യൂക്കേഷൻ കോളേജിൽ എഡ്യുക്കേഷണൽ ടെക്നോളജി വിഭാഗത്തിൽ ഒരു അസിസ്റ്റന്റ് പ്രൊഫസർ തസ്തിക സൃഷ്ടിക്കുന്നതിന് ശിപാർശ ചെയ്തിരുന്നു.

2. നിലവിൽ കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള നാല് സർക്കാർ ട്രെയിനിംഗ് കോളേജുകളുടെ NCTE അഫിലിയേഷൻ നിലനിർത്തേണ്ടത് ആവശ്യമായതിനാൽ NCTE മാർഗനിർദ്ദേശപ്രകാരം തസ്തികകൾ സൃഷ്ടിക്കുന്നതിനും ഗവ: കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷനിൽ അധികമാണെന്ന് കണ്ടെത്തിയ എഡ്യുക്കേഷൻ സൈക്കോളജി തസ്തിക എഡ്യുക്കേഷൻ ടെക്നോളജിയായി പരിവർത്തനം ചെയ്യുന്നതിനും കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പരാമർശ പ്രകാരം ശിപാർശ ചെയ്തിരുന്നു.

3. ട്രെയിനിങ് കോളേജുകളിൽ NCTE -യുടെ 2019-ലെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ബി.എഡ്/ എം.എഡ് കോഴ്സുകളുടെ അംഗീകാരം നിലനിർത്തുന്നതിനായി തിരുവനന്തപുരം ഗവൺമെന്റ് കോളേജ് ഓഫ് ടിച്ചർ എഡ്യൂക്കേഷനിൽ, എഡ്യുക്കേഷണൽ ടെക്നോളജി വിഭാഗത്തിൽ ഒരു സ്ഥിരതസ്തിക സൃഷ്ടിക്കേണ്ടതായിട്ടുണ്ട്. കേരളത്തിലെ നാല് ട്രെയിനിങ് കോളേജുകളിൽ, മറ്റ് മൂന്ന് ട്രെയിനിങ് കോളേജുകളിലും ഈ തസ്തിക നിലവിലുണ്ട്. ബി .എഡ് / എം.എഡ് പാഠ്യ പദ്ധതിയിൽ എഡ്യുക്കേഷണൽ ടെക്നോളജി ഒരു കോർ പേപ്പർ ആണ്. സാങ്കേതിക വിദ്യയുടെ ഉപയോഗത്തിലൂടെ അല്ലാതെ ഇപ്പോഴത്തെ ക്ലാസ്സ്റൂം ടീച്ചിങ് ആൻഡ് ലേണിംഗ് സാധ്യമല്ലാത്ത ഒരു കാലഘട്ടത്തിലൂടെ കടന്നു പോകുന്ന ഈ അവസരത്തിൽ എഡ്യുക്കേഷണൽ ടെക്നോളജി തസ്തിക ട്രെയിനിങ് കോളേജുകളിൽ അത്യാവശ്യമാണ്.

4. ട്രെയിനിങ് കോളേജുകളിൽ NCTE -യുടെ 2019-ലെ മാർഗ്ഗ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരവും കേരള യൂണിവേഴ്സിറ്റി ബി.എഡ്, എം.എഡ് സിലബസ് പ്രകാരമുള്ള 16 മണിക്കൂർ വർക്ക് ലോഡിന്റെ അടിസ്ഥാനത്തിലും തിരുവനന്തപുരം ഗവ.കോളേജ് ഓഫ് ടിച്ചർ എഡ്യൂക്കേഷനിൽ

എഡ്യൂക്കേഷണൽ ടെക്നോളജി വിഭാഗത്തിൽ ഒരു സ്ഥിരതസ്തിക സൃഷ്ടിക്കേണ്ടതായിട്ടുണ്ട്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ടീച്ചർ എഡ്യൂക്കേഷൻ കോളേജിന്റെ N.C.T.E. അംഗീകാരം നിലനിർത്താൻ എഡ്യൂക്കേഷൻ ടെക്നോളജിയിൽ സ്ഥിര അദ്ധ്യാപക തസ്തിക അനുവദിച്ചേ മതിയാകൂ എന്നത് കണക്കിലെടുത്ത് നിലവിൽ ടി കോളജിൽ അധികമാണെന്ന് കണ്ടെത്തിയ എഡ്യൂക്കേഷൻ സൈക്കോളജി തസ്തിക എഡ്യൂക്കേഷൻ ടെക്നോളജിസ്റ്റിന്റേതാക്കി അധിക സാമ്പത്തിക ബാധ്യത ഇല്ലാതെ പരിവർത്തനം ചെയ്ത് ഉത്തരവാകുന്നു.

6. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ മേൽ പ്രകാരമുള്ള തസ്തികകൾ പരിവർത്തനം ചെയ്ത് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുക്കുട്ടൻ എം എസ്
അഡിഷണൽ സെക്രട്ടറി

1. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം പ്രിൻസിപ്പൽ
2. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
3. ധനകാര്യവകുപ്പ് (1913238/EDN-B3/160/2021-FIN dated 07/11/2025)
4. കേരള പബ്ലിക് സർവീസ് കമ്മീഷൻ, തിരുവനന്തപുരം.
5. പ്രിൻസിപ്പൽ, ഗവ ടീച്ചർ എഡ്യൂക്കേഷൻ കോളേജ്, തിരുവനന്തപുരം.
6. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
7. നോഡൽ ഓഫീസർ (www.highereducation.kerala.gov.in).
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (F1/167/2024-HEDN).

ഉത്തരവിൻ പ്രകാരം
Signed by
Asoka Kumari. L
Date: 26-02-2026 16:30:57
സെക്ഷൻ ഓഫീസർ